ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്ര റോഡുകൾ സെൻട്രൽ റോഡുഫണ്ടിൽ നിന്നു സഹായം കിട്ടുന്നതായിട്ടുണ്ട് ?

ശ്രീ. പി. പി. ഉമ്മർകോയ : അതിന്റെ ലിസ്റ്റാണ് മേശപ്പുറത്തു വച്ചിട്ടുള്ളത്. 40 റോഡുകൾക്ക് മൂന്നാം പദ്ധതിക്കാലത്തു് സെൻട്രൽ റോഡു ഫണ്ടിൽ നിന്നും ധനസഹായം കിട്ടുന്നതായിട്ടുണ്ടെന്നാണറിയുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നാഷനൽ ഹൈവേയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുമ്പ് തിരുവിതാംകൂറിന്റെ മദ്ധ്യഭാഗത്തുകൂടി തെക്കുനിന്നും വടക്കോട്ടു പോകുന്ന റോഡിനു് സെൻട്രൽ റോഡു് ഫണ്ടിൽനിന്നും പണം വിനിയോഗിച്ച് പ്രവൃത്തി നടത്തുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ സെൻട്രൽ റോഡു ഫണ്ടിന്റെ പണമുപയോഗിച്ച് ഈ മെയിൻ സെൻട്രൽ റോഡ് പൂർത്തിയാക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രധാനപ്പെട്ട റോഡുകൾ M C റോഡു പോലെയുള്ള സ്റ്റേറ്റു് ഹൈവേകൾ ഇങ്ങനെയുള്ളതിനു് ഈ ഫണ്ടുകൾ ഉപയോഗിച്ച് പണി ചെയ്തുവരുന്നുണ്ട്. M C റോഡിൽതന്നെ അങ്ങനെ കുറെ വർക്കുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ആന്ധ്രാ പ്രദേശത്തു് സുമാർ ഒരുകോടിയിലധികം ഉറുപ്പിക സെൻട്രൽ റോഡു് ഫണ്ടിൽനിന്നും ലഭിച്ചു എന്നും, എന്നാൽ കേരളത്തിനു താരതമ്യേന കുറച്ചു സംഖ്യമാത്രം ലഭിച്ചു എന്നും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഫണ്ടിലേക്കു് സ്റ്റേറ്റു് ഗവണ്മെന്റു് നൽകേണ്ടുന്ന സംഭാവന ഈ ഗവണ്മെന്റിനു് നൽകാൻ സാധിക്കാത്തതുകൊണ്ടാണോ ഇങ്ങനെ സ്റ്റേറ്റിന്റെ വിഹിതം കുറയാൻ ഇടയായിട്ടുള്ളതു് ?

ശ്രീ. പി. പി. ഉമ്മർകോയ : നമ്മുടെ സ്റ്റേറ്റു് അങ്ങോട്ടു് എന്തെങ്കിലും ഫണ്ടു കൊടുക്കുന്ന പ്രശ്നമില്ല. നമ്മുടെ സംസ്ഥാനത്തു ചെലവഴിക്കുന്ന പെട്രോളിന്റെമേൽ ചുമത്തിയിട്ടുള്ള അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ലഭിക്കുന്ന വിഹിതമാണു് കേന്ദ്രഗവണ്മെന്റു തരുന്നതു്. ആന്ധ്രയുമായി നമ്മുടെ സ്റ്റേറ്റിനെ താരതമ്യപ്പെടുത്താൻ സാദ്ധ്യമല്ല. നമ്മുടെ ഒരു കൊല്ലത്തെ ആവറേജു് ഏകദേശം 15 ലക്ഷം വരും. അതായതു് 5 കൊല്ലത്തേക്കു് 75 ലക്ഷത്തോളം വരും. ആന്ധ്രയ്ക്കു ഇത്രയും കൊടുത്തിട്ടുണ്ടെങ്കിൽ നമ്മുടെ വിഹിതവുമായി വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. കാരണം നമ്മുടേതു് ചെറിയ സംസ്ഥാനമാണല്ലോ.

WRITTEN ANSWERS

നിത്യോപയോഗസാധനങ്ങളുടെ വില

* 608. [16] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരി തുടങ്ങിയ നിത്യോപയോഗസാധനങ്ങളുടെ വില ഇടയ്ക്കിടെയായി ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ക്രമാതീതമായ വിലക്കയറ്റത്തെ തടയുന്നതിനു് ഫലപ്രദമായ വല്ല നടപടിയും നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) അരിയുടെ വില 1963 ഡിസംബർ മാസം ആദ്യത്തെ പകുതിയിൽ ഗണ്യമായി വർദ്ധിച്ചിരുന്നുവെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) - അരിവിലക്കയറ്റത്തെ തടയുന്നതിനു താഴെപറയുന്ന നടപടികളും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ട്.

1. ആന്ധ്രായിൽനിന്നും കേരളത്തിലേക്കു കൂടുതൽ അരി കൊണ്ടുവരുന്നതിനു വേണ്ടത്ര റെയിൽവേ വാഗണുകളും നൽകുന്നതിനു റെയിൽവേ അധികൃതരുമായി ഏർപ്പാടുകളും ചെയ്തു.

2. കേരളത്തിലേയ്ക്കു അയയ്ക്കുന്ന അരിവാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിക്കാതെ വേഗത്തിൽ നേരിട്ടു ഇവിടെ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ, പ്രധാന റെയിൽവേജംഗ്ഷനുകളും സന്ദർശിച്ചു അവിടെ കേരളത്തിലേക്കുള്ള അരിവാഗണുകളും താമസിച്ചുകിടപ്പുണ്ടെങ്കിൽ അവയെ ഉടനടി അയപ്പിക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു.

3. ന്യായവിലഷാപ്പുകളുംവഴി കൂടുതൽ അരി വിതരണം ചെയ്യുന്നതിലേക്കായി കേന്ദ്രഗവണ്മെൻറിൽനിന്നും 5,000 ടൺ അരി സ്പെഷ്യൽ കോട്ടായായി സമ്പാദിച്ചു. ഈ സ്റ്റോക്കു ഉപയോഗിച്ചു 22–12–63 മുതൽ രണ്ടാഴ്ചക്കാലത്തേക്കു ന്യായവിലഷാപ്പുകളുംവഴി കാർഡൊന്നിനു രണ്ടിടങ്ങഴി അരി വീതം വിതരണം നടത്തി.

4. ജില്ലാ കളക്ടറന്മാർ മൊത്തവ്യാപാരികളെ വിളിച്ചുകൂട്ടി അമിതലാഭേച്ഛയെ നിരുൽസാഹപ്പെടുത്തുകയും അവരുടെ സഹകരണം സമ്പാദിക്കുകയും ചെയ്തു.

പോലീസ് മേധാവിയുടെ അമേരിക്കൻ പര്യടനം.

* 609. [26] ശ്രീ. കെ. ആർ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്തെ പോലീസ് മേധാവി (Inspector General of Police) അമേരിക്കൻ ഐക്യനാടുകളിൽ അടുത്ത കാലത്തു പോയിരുന്നോ ;

(ബി) എന്തെങ്കിലുംപ്രത്യേക പരിശീലനത്തിനായിട്ടാണോ അദ്ദേഹം പര്യടനം നടത്തിയതു ;

(സി) ഗവണ്മെൻറു ഇതിലേയ്ക്കു വല്ല ചെലവും വഹിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പോയിരുന്നു.

(ബി) 1963-ൽ Air India International-ന്റെ മദ്രാസിൽനിന്നു ന്യൂയോർക്കിലേയ്ക്കുള്ള പുതിയ വിമാനസർവ്വീസിന്റെ ഉൽഘാടനപറക്കലിൽ (Inagural Flight) സംബന്ധിക്കുവാൻ ശ്രീ. വി. പി. നായരെ ക്ഷണിക്കുകയും അദ്ദേഹത്തിന് അതിനു അനുവാദം നൽകുകയും ചെയ്തിരുന്നു. ആ സന്ദർഭം ഉപയോഗപ്പെടുത്തി ന്യൂയോർക്കിലെ പോലീസ് വകുപ്പിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും അദ്ദേഹത്തിനു അനുമതി നൽകിയിരുന്നു.

(സി) ഉണ്ടു.

(ഡി) ന്യൂയോർക്കിൽ താമസിച്ചതിനു ദിനബത്ത വകയിൽ 883 രൂ. 5 ന. പൈസ ചെലവു വഹിച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly